2017 മാർച് 05



മത്താ. 7:21 – 27

# വചനസന്ദേശം

റവ. ഫാ. ഡെന്നി കാട്ടായിൽ

നോമ്പുകാല ചൈതന്യത്തിൽ വചനം ജീവിക്കുന്നവരാകുവാനുള്ള വിളിയാണ് ഇന്നത്തെ സുവിശേഷം നമുക്ക് നല്കുന്നത്. അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും മാത്രം ഒതുങ്ങാതെ ജീവിതത്തിലേക്ക് വചനം കൊണ്ടുവരിക അതാണ് ഓരോ ക്രൈസ്തവന്റേയും ധർമ്മം. രണ്ട് കൊച്ചു ചിന്തകളിലേക്ക് ഈ വചനം നമ്മുടെ മനസ്സിനെ നയിക്കും.

1) വചനം ശ്രവിക്കുന്നവരാവുക

തിരുവചനം വായിക്കാനും ശ്രവിക്കാനും തയ്യാറാകുമ്പോൾ ആത്മീയ പ്രകാശം നമ്മിൽ നിറയുന്നു. ഐശ്വര്യം കൈവരിക്കാൻ ആഗ്രഹിക്കുന്നവൻ തിരുവചനത്തിൽ ആശ്രയിക്കണം. വചനം വായിക്കാത്ത ഒരുവന്റ ജീവിതം ഉണങ്ങിവരണ്ട്, വിണ്ടുകീറിയ ഭൂമിക്ക് സദൃശ്യമാണ്. യാക്കോബ് ശ്ലീഹാ 1:21–ൽ പറയുന്നു. നിങ്ങളിൽ പാകിയിരിക്കുന്നതും നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കാൻ കഴിവുള്ളതുമായ വചനത്തെ വിനയപൂർവ്വം സ്വീകരിക്കുവിൻ. വചനത്തിന്റെ അജ്ഞത ദൈവമക്കളുടെ ആത്മാവിന്റെ നാശമാണ്, അടിമത്വമാണ്. എന്റെ ജനം അജ്ഞത നിമിത്തം അടിമത്വത്തിലേക്ക് നീങ്ങാനും (ഏശ. 5:13). നിയ. 6:8–ാം വാക്യം ഞാനിന്ന് കല്പിക്കുന്ന വാചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. ജാഗരൂകതയോടെ അത് നിങ്ങളുടെ മക്കളെ പഠിപ്പിക്കണം.

2) വചനാധിഷ്ഠിത ജീവിതം

ഒരു പുതു പെന്തക്കൊസ്താനുഭവം. വചനം ജീവിതത്തിൽ നിറയുമ്പോൾ നമ്മുടെ പ്രവർത്തികളിലൂടെ അത് പുറത്തേക്ക് ഒഴുകാൻ തുടങ്ങുന്നു. വി. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ, ഒരുതരം ഇരട്ട പൗരത്വമുള്ളവരെപ്പോലെ ജീവിക്കാൻ തുടങ്ങുന്നു. ഒരു പാദം ജീവിക്കുന്നവരുടെ ലോക ത്തും മറ്റൊരു പാദം ഏതോ അദൃശ്യമായ ലോകത്തും ചവിട്ടി സഞ്ചരിക്കുന്നതുപോലെ. അവൻ പരി. ആത്മാവു കൊണ്ട് നിറയുന്നു. ആത്മാവ് നിറഞ്ഞാൽ പിന്നെ തനിക്കായി ജീവിക്കുന്നതിലുപരി അപരനിൽ ക്രിസ്തുവിന്റെ മുഖം കാണുവാൻ തുടങ്ങുന്നു. വിശുദ്ധരുടെ ജീവിതങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. വചനത്തിന്റെ ആത്മാവിനാൽ വി. ഡാമിയൻ പോയത് മോളോക്കോ ദ്വീപിലെ കുഷ്ഠരോഗികളുടെ അടുത്തേക്കാണ്. കൊൽക്കത്തയിലെ വി. തെരേസ തെരുവോരമക്കളിൽ ക്രിസ്തുവിനെ കണ്ടെത്തി. വി. വിൻസെന്റ് ഡി പോൾ പാരീസിലേക്ക് തീഷ്ണതയോടെ യാത്രയാവുകയായിരുന്നു. തങ്ങളുടെ ജീവിതത്തിലെ തകർച്ചയുടെ കാറ്റും കോളിലും ശക്തമായ അടിത്തറ വചനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് തകരാതെ മുന്നേറാൻ സാധിക്കുന്ന ആത്മീയജീവിതം. ആയതിനാൽ വചനം കേൾക്കുക മാത്രം ചെയ്യുന്നവരാകാതെ അത് ജീവിതത്തിൽ സ്വീകരിച്ച് പ്രവർത്തിക്കുന്നവരാകാൻ ഈ നോമ്പുകാലത്തിൽ നമുക്കൊരുങ്ങാം.



2017 മാർച്ച് 12

മത്താ. 20:17 – 28

# വചനസന്ദേശം

റവ. ബ്ര. ജോഫ്രി കളരിക്കൽ

ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായ, യേശുവിന്റെ രക്ഷാകര സംഭവങ്ങളുടെ, അവിടുത്തെ പീഡാനുഭവ മരണ ഉത്ഥാനത്തിന്റെ അനുസ്മരണത്തിലേക്ക്, പ്രാർത്ഥനയും പരിത്യാഗങ്ങളുമായി നീങ്ങുന്ന തന്റെ മക്കൾക്ക് വിചിന്തനത്തിനായി സഭ നല്കുന്ന വചനഭാഗം, ക്രിസ്തു ശിഷ്യരായ സെബദി പുത്രന്മാർ തങ്ങളുടെ അമ്മയുമായി യേശുവിനെ കാണുന്ന രംഗമാണ്. അവരുടെ ഉദ്ദേശമാകട്ടെ, യേശുവിന്റെ രാജ്യ ത്തിലെ രണ്ടു പ്രധാന സ്ഥാനങ്ങളും.

അധികാരം എന്നും എല്ലാവരെയും മത്തുപിടിപ്പിച്ചിട്ടുള്ള ഒന്നാണ്. അധികാരത്തിന് വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ ഒരുപാട് രാജ്യങ്ങളും, കുടുംബങ്ങളും പ്രസ്ഥാനങ്ങളും തകർന്നിട്ടുണ്ട്. ലോകത്തിന്റെ പുരോ ഗതിയെ തന്നെ പിറകോട്ട് ആക്കിത്തീർത്തിട്ടുണ്ട്. അടിച്ചമർത്തലുകളെ നിഷ്കാസനം ചെയ്യാൻ അധികാരം കൊണ്ടു മാത്രമേ കഴിയൂ എന്ന് എല്ലാവരും ചിന്തിച്ചിരുന്നു. “അധികാരം കൊയ്യണം ആദ്യം നാം അതുകഴി ഞ്ഞാകട്ടെ പൊന്നാര്യൻ” എന്ന വയലാർ കവിത നമ്മെ കൊണ്ടുപോകുന്നത് കേരളത്തിൽ നിലനിന്നിരുന്ന അത്തരം ഒരു ചിന്തയിലേക്കാണ്. യഹൂദരുടെ ചിന്തയും ഇതുതന്നെ ആയിരുന്നു. യഹൂദ ക്രിസ്ത്യാനികൾക്ക് എഴുതപ്പെട്ടതാണ് വി. മത്തായിയുടെ സുവിശേഷം.

വളരെയധികം അടിമത്തത്തിലൂടെ കടന്നുപോയ ഒരു ജനതയായിരുന്നു യഹൂദർ. എന്നാൽ ഈ അടി മത്തത്തിലും, ദൈവം പ്രവാചകന്മാരെ അയച്ച് അവരെ ശക്തിപ്പെടുത്തിയിരുന്നു. പ്രവാചകന്മാർ അവരെ അറിയിച്ച സന്ദേശമാകട്ടെ രക്ഷകനെക്കുറിച്ച് ഉള്ളതും, ‘മിശിഹാ’, രക്ഷകൻ വരും, അവൻ എല്ലാവിധ അടി മത്തത്തിലും നിന്ന് നിങ്ങളെ മോചിപ്പിക്കും. യഹൂദർ തങ്ങളുടെ രാജാവായി വരുന്നവനെ കാത്തിരുന്നു. റോമൻ ഭരണത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കാനുള്ള വിമോചകനെ. എന്നാൽ യേശുവിൽ ആ രാജാ വിനെ കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല. ഒടുവിൽ സാക്ഷ്യം നല്കിയ യോഹന്നാൻ തന്നെ ശിഷ്യരെ അയച്ച് ചോദിച്ചു, വരാനിരിക്കുന്നവൻ നീ തന്നെയോ? യോഹന്നാനെ ഇത്തരമൊരു ചോദ്യം ഉന്നയിക്കാൻ പ്രേരിപ്പിച്ചത് യേശുവിന്റെ ജീവിതം തന്നെയാണ്. രാജാവായി അടിമത്തം നീക്കേണ്ടവൻ പ്രവചിക്കുന്നത് സ്വന്തം മരണം, പ്രവർത്തിക്കുന്നത് സാധാരണക്കാരന്റെയും പാവപ്പെട്ടവരുടെയും ഇടയിൽ. ഇവൻ എങ്ങനെ രാജാവാകും?

ഇന്നത്തെ സുവിശേഷ ഭാഗത്തിൽ ഈശോ ജറുസലേം യാത്രയിലാണ്. അവിടുത്തെ സംബന്ധിച്ചിട ത്തോളം തന്റെ രക്ഷാകര സംഭവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം നിറവേറാൻ പോകുന്നു. പ്രവചനങ്ങ ളിലൂടെ അവിടുന്ന് ശിഷ്യന്മാരോട് ഇക്കാര്യങ്ങൾ അറിയിക്കുന്നു. എന്നാൽ ശിഷ്യന്മാരുടെ ചിന്ത വിചിത്രമാ ണ്. പീഡാനുഭവ മരണ ഉത്ഥാനം പ്രവചിക്കുന്നവന്റെ രാജ്യത്തിലെ സ്ഥാനങ്ങളാണ് അവരുടെ ലക്ഷ്യം. എന്നാൽ ഈശോയുടെ മറുപടി നമ്മളെ വളരെ ചിന്തിപ്പിക്കുന്നതാണ്, കാരണം അത് കരുതലുള്ള ദൈവ ത്തിന്റെ ഹൃദയമാണ് തുറന്നുകാട്ടുന്നത്. ചോദിച്ച് പിറകെ നടക്കുന്നവനെ പരിഗണിക്കാതെ അർഹതപ്പെട്ട വന് കൊടുക്കാൻ കരുതലോടെ സജ്ജമാക്കി കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് ഈശോ നമുക്ക് പറഞ്ഞു തരുന്നത്. ആരാണ് ഈ അർഹതപ്പെട്ടവർ എന്ന ചോദ്യം എല്ലാവരുടെയും മനസ്സിൽ ഉയരുമ്പോൾ അതിനും അവൻ മറുപടി നല്കി. എളിമയുള്ളവർ, സ്വയം മറ്റുള്ളവർക്കു വേണ്ടി ചെറുതായവർ, മറ്റുള്ളവരെ തന്നേ ക്കാൾ വലുതായി കണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്ന, അതൊരു കുടുംബനാഥനാകാം, തന്റെ ജീവിതപങ്കാ ളിക്കും മക്കൾക്കും വേണ്ടി അദ്ധ്വാനിച്ച് അവരെ ഒരു കുറവും അറിയിക്കാതിരിക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന കുടുംബനാഥൻ. അതൊരു കുടുംബനാഥയാകാം. എനിക്കെന്തു കുറവുണ്ടായാലും എന്റെ സ്വാതന്ത്ര്യവും സന്തോഷവും കുറഞ്ഞുപോയാലും എന്റെ കുടുംബത്തിന് എന്റെ സേവനം ആവശ്യമാണെന്ന് മനസ്സിലാക്കി വീട്ടിൽതന്നെ കഴിഞ്ഞു കൂടുന്ന ഒരു കുടുംബനാഥ. തന്റെ ഏകാന്തതയുടെ നിമിഷത്തിൽ കുടുംബ

ത്തിനുവേണ്ടി ദൈവസന്നിധിയിലേക്ക് പ്രാർത്ഥനകൾ ചേർത്തുവയ്ക്കുന്ന ഒരു അമ്മ. അർഹതപ്പെട്ടവൻ ഒരു മകനോ മകളോ ആകാം. എന്റെ മാതാപിതാക്കൾക്ക് എന്നെക്കുറിച്ച് ചിന്തിച്ചിട്ടോ, എന്റെ സന്തോഷത്തിനു വേണ്ടി ദുഃഖിക്കേണ്ടി വരരുത് എന്നു കരുതി തന്റെ സന്തോഷങ്ങൾ നിയന്ത്രിക്കുകയും തന്റെ കൂടി അദ്ധ്വാനം മാതാപിതാക്കളുടെ അദ്ധ്വാനത്തോടു ചേർത്തു വയ്ക്കുന്ന ഒരു മകനോ, മകളോ. ഇത് ആരുമാകാം. തന്റെ മുന്നിൽ വരുന്ന ആവശ്യക്കാരനു നേരെ മുഖം തിരിക്കാതെ അവനെ കേൾക്കുകയും പുഞ്ചിരിയോടെ അവനെ സഹായിക്കുകയും ചെയ്യുന്നവൻ, സങ്കടത്തോടെ തന്നെ സമീപിക്കുന്നവരെ ആശ്വസിപ്പിച്ചു, മുഖത്ത് ഒരു പുഞ്ചിരിയുമായി തിരിച്ചയയ്ക്കുന്നവൻ. ഒരുപക്ഷേ, ഏറെ വേദനകളും കഷ്ടപ്പാടുകളും കാണാൻ ആരുമില്ല, ആരും കാണാതെ ഞാനിവിടെ ഉരുകിത്തീരുന്നു, ആരെന്നെ സഹായിക്കും എന്നു ചിന്തിച്ച് ദൈവത്തെ വിളിച്ച് അപേക്ഷിക്കുന്ന ഒരാളായിരിക്കാം.

ഇതൊരു മനോഭാവമാണ്. ഇതിന്റെ ഉറവിടമാകട്ടെ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും. എനിക്കൊരു ദൈവമുണ്ട്; അവൻ എല്ലാം കാണുന്നുണ്ട് എന്നുള്ള വിശ്വാസം. നമ്മുടെ പ്രത്യാശ നമ്മുടെ ദൈവത്തിലാണ്. കാരണം അവന് നമ്മെ അറിയാം. അവൻ മർത്യനായി ഈ ലോകത്തിൽ ജീവിച്ചവനാണ്. ദരിദ്രന്റെ വേദനയും അദ്ധ്വാനത്തിന്റെ കടപ്പാടും പാവപ്പെട്ടവന്റെ ജീവിതവും നീതിമാന്റെ സഹനവും അവൻ നേരിട്ടറിഞ്ഞതാണ്. ഈ എല്ലാം അറിയുന്നവനായ അവനിലാണ് നമ്മുടെ പ്രത്യാശ. അവൻ നമ്മുടെ സമാധാനമാണ്. ഒരു ക്രിസ്തു ശിഷ്യനെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നത് യേശു പ്രവർത്തിച്ച അത്ഭുതങ്ങളല്ല. മറിച്ച് അവന്റെ കുരിശിലെ സഹനവും മരണവും ഉത്ഥാനവുമാണ് അതിലൂടെ അവൻ നമ്മോട് പറയുന്നത് ഇതാണ്. "ഏറെ സഹനത്തിനും അവസാനമുണ്ട്, ഒരു ഉയിർപ്പുണ്ട്. നമ്മുടെ പ്രത്യാശ ഈ ലോകത്തിലല്ല. വരാനിരിക്കുന്ന ലോകത്തിലും ദൈവത്തോടു ചേർന്ന മഹത്ത്വത്തിലുമാണ്.

നമുക്ക് ചെറുതാകാം. എളിമയുടെ മാർഗ്ഗത്തിലൂടെ അവനെ പിൻചെല്ലാം. നമ്മെ പൂർണ്ണമായി അറിയുന്നവനോട് നമ്മുടെ ഹൃദയങ്ങൾ ചേർത്ത് വയ്ക്കാം. അവന്റെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിച്ചു. ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പ്രവേശിക്കാൻ അവിടുന്ന് നമ്മെ സഹായിക്കട്ടെ.



മത്താ. 21:33 – 44

# വചനസന്ദേശം

റവ. ഫാ. ജിയോ മാടപ്പാടൻ

ഇത് update കളുടെ കാലമാണ്. സോഫ്റ്റ്‌വെയറുകളും മൊബൈൽ ആപ്പുകളും നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. നോക്കിനിൽക്കേ എല്ലാം outdated ആയി പോകുന്ന ഒരു സ്ഥിതി വിശേഷം. ഇന്നത്തെ വചനഭാഗം പഴയ ഒരു കഥയ്ക്ക് ഈശോ നല്കിയ ഒരു updation ആണ്. ക്രിസ്തുവിന് 600 വർഷ ങ്ങൾക്കുമുമ്പ് അധാർമ്മികമായി ജീവിച്ച ഇസ്രായേൽക്കാരെ ശാസിക്കാൻ ഏശയ്യാ പ്രവാചകൻ 'കർത്താ വിന്റെ മുന്തിരി ത്തോപ്പിന്റെ' (കഠ 5:) കഥ പറയുന്നുണ്ട്. ഇന്നും അതേ അവസ്ഥയിൽ തുടരുന്ന ഇസ്രായേലി നേതാക്കളുടെ കണ്ണു തുറപ്പിക്കാൻ ചില ഭേദഗതികളോടെ ഈശോയും 'മുന്തിരിത്തോപ്പിന്റെയും കൃഷിക്കാ രുടെയും' കഥ പറയുകയാണ്.

ഈശോയുടെ മനോഹരമായ ലക്ഷണകഥ നമ്മിൽ നാഥാൻ പ്രവാചകന്റെ സ്മരണകളെ ഉണർത്തും എന്നതിൽ സംശയമില്ല. ഊറിയായെ വധിച്ചും ബേത്ഷെബയെ പ്രാപിച്ചും കൊലപാതകിയും, വ്യഭിചാരിയു മായി മാറിയ ദാവീദിന്റെ ധാർമ്മികതയ്ക്കു നേരെ ഉയർത്തിയ വിരലുമായി നിൽക്കുന്ന നാഥാനെ 2 സാമു വൽ 12-ാം അദ്ധ്യായത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. ഉഗ്രപ്രതാപിയായ ദാവീദിനെ അവന്റെ തെറ്റുബോധിപ്പി ക്കാൻ നാഥാൻ ഒരു കൗശലം പ്രയോഗിക്കുന്നു. സമ്പന്നനായിരുന്നിട്ടും ദരിദ്രനായ അയല്ക്കാരന്റെ ഏക ആടിനെ കൊന്നു തിന്ന മനുഷ്യനെക്കുറിച്ചുള്ള ലക്ഷണ കഥ കേട്ട ദാവീദ് ധാർമ്മികരോഷം പൂണ്ട് വിധി പ്രസ്താവിക്കുന്നു: "ഇതു ചെയ്തവൻ മരിക്കണം." (2 സാമു. 12:5). ഇത്രയും ആയപ്പോൾ പ്രവാചകൻ തന്റെ വിരലുയർത്തി "ആ മനുഷ്യൻ നീ തന്നെ." (. 7). സ്വന്തം വിധിയിൽ കുടുക്കിയ ദാവീദിന്റെ അവസ്ഥ ഇന്നത്തെ സുവിശേഷത്തിലെ ഫരിസേയർക്കും സംഭവിക്കുന്നുണ്ട്. യജമാനന്റെ ഭൃത്യരെ മർദ്ദിക്കുകയും മകനെ വധി ക്കുകയും ചെയ്ത കൃഷിക്കാരെപ്പറ്റി കേൾക്കു മ്പോൾ ധാർമ്മികരോഷം കൊള്ളുന്ന ഫരിസേയർ പറയുന്നു ണ്ട്. "അവൻ (യജമാനൻ) ആ ദുഷ്ടരെ നശിപ്പിച്ചു. യഥാകാലം ഫലം കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തി രിത്തോട്ടം ഏല്പിക്കുകയും ചെയ്യും" (മത്താ. 21:41). അപ്പോൾ അവരെ ചൂണ്ടിക്കൊണ്ട് കർത്താവ് പറയുന്നു: "ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നല്കും." (. 43). നാഥാന്റെ ലക്ഷണകഥ ദാവീദിനെ മാനസാന്തരത്തിലേക്കു നയിച്ചെങ്കിൽ (2 സാമുവൽ 12:13). ഫരിസേയർ തങ്ങളുടെ ഹൃദയം കഠിനമാക്കുകയാണു ചെയ്തത് (മത്താ. 221:46) എന്ന് വ്യാഖ്യാനം നിലനിൽക്കുന്നു.

നാം ഇതു ധ്യാനിക്കുന്ന യജമാനൻ വളരെ ഉദാരമതിയാണ് കൃഷിക്കാർ ചെയ്യേണ്ട കാര്യങ്ങൾ പോലും ചെയ്തു തീർത്തവനാണ് അവൻ: തോട്ടം ഉണ്ടാക്കി, വേലികെട്ടി, ഗോപുരം നിർമ്മിച്ചു. ചക്ക് സ്ഥാപിച്ചു (. 33). കൃഷിക്കാരുടെ ചുമതല കൃത്യമായി ഫലങ്ങൾ നല്കുക എന്നതാണ്. തങ്ങളുടെ കാര്യസ്ഥതയുടെ ഫലം കൃത്യമായി കൊടുക്കുക.

രാജാക്കന്മാരുടെ രണ്ടാം പുസ്തകം നാലാം അദ്ധ്യായത്തിൽ ദൈവം ഇസ്രായേലിനെ വിഭജിച്ച് ദാവീ ദിന്റെ സിംഹാസനം ജെറോബോവാം എന്ന ഭൃത്യന്റെ കാര്യസ്ഥതയ്ക്ക് ഏല്പിക്കുന്ന രംഗമുണ്ട് (11:26-39). യഥാവിധി കാര്യസ്ഥതയുടെ ഫലം നല്കേണ്ട കാര്യസ്ഥൻ മാത്രമാകേണ്ടിയിരുന്ന ജെറോബോവാം എല്ലാ ത്തിന്റെയും ഉടയവനാകാൻ/യജമാനനാകാൻ ശ്രമിക്കുന്നു. പൂജാഗിരികളും, വിഗ്രഹങ്ങളും തിരുനാൾ സ്ഥാപിച്ചും പുരോഹിതരെ വാഴിച്ചും പ്രവാചകന്മാർക്കെതിരെ കരമുയർത്തിയും (12, 25:33)/യജമാനനായി മാറി എന്ന് വിശ്വസിക്കുന്ന ഒരു ജെറൊബോവാം. പുതിയ രാജാവിന് രാജ്യം കൊടുത്ത് ജെറൊബോവാമി നെയും കുടുംബത്തെയും ഉന്മൂലനം ചെയ്താണ് ദൈവം മറുപടി നല്കുന്നത്.

യഥാവിധി ഫലം നല്കേണ്ട കാര്യസ്ഥനാണ് എന്ന് മറന്ന് യജമാനനാനാകാൻ ശ്രമിക്കുമ്പോൾ കാര്യ സ്ഥത തന്നെ നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ.

ഇത് ആരാധനയുടെയും തിരിഞ്ഞു നടത്തത്തിന്റെയും നോമ്പുകാലമാണ്. നാം നമ്മോടുതന്നെ ചോദി

ക്കേണ്ട ചോദ്യമുണ്ട്. "ഏല്പിക്കപ്പെട്ടിരിക്കുന്നവയിൽ നിന്ന് യഥാവിധി ഫലം നല്കാൻ നാം ശ്രമിക്കുന്നുണ്ടോ?" നല്ല ഉദ്യോഗത്തിലൂടെയും ജോലിയിലൂടെയും ഒരു മികച്ച സാമ്പത്തിക നില ദൈവം നമ്മെ ഏല്പിച്ചിട്ടുണ്ടാവാം. അതിൽ നിന്ന് യഥാവിധി ഫലം കൊടുക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഫലം വാങ്ങാൻ ദൈവം കാലാകാലങ്ങളിൽ പാവപ്പെട്ടവരെയും രോഗികളെയും അശരണരെയും ധർമ്മക്കാരെയും നമ്മുടെ മുമ്പിലേക്ക് അയച്ചിരുന്നു. നാം അവരെ പരിഗണിച്ചോ? അതോ പരിഹസിച്ചോ? പഠിക്കാനും മനസ്സിലാക്കാനുമുള്ള ബുദ്ധിശക്തി ദൈവം നമ്മെ ഏല്പിച്ചിരുന്നു. ഫലം വാങ്ങാൻ പഠിക്കാൻ സാമർത്ഥ്യമില്ലാത്തവരെയും ട്യൂഷന് പോകാൻ സാഹചര്യമില്ലാത്തവരെയും ദൈവം അയച്ചിരുന്നു. നാം അവരെ സ്വീകരിച്ചോ, അതോ അവഗണിച്ചോ?

ഈ ദിവ്യബലിയിൽ നമുക്ക് പ്രാർത്ഥിക്കാം: "ഔദാര്യപൂർവ്വം ഞങ്ങ ളെ കാര്യസ്ഥത ഏല്പിച്ച ദൈവമേ, അവയിൽ നിന്ന് യഥാവിധി ഫലങ്ങൾ പുറപ്പെടുവിക്കാൻ ഞങ്ങൾക്ക് ബുദ്ധിശക്തി നല്കണമേ."



2017 മാർച്ച് 26

യോഹ. 7:37 – 39; 8:12 – 20

# വചനസന്ദേശം

**റവ. ബ്ര. ജോസഫ് ചിറക്കൽ മണവാളൻ**

ജീവൻ നല്കുന്ന അരുവിയും ജീവന്റെ പ്രകാശമായും ക്രിസ്തുതന്നെത്തന്നെ വെളിപ്പെടുത്തുന്ന ഭാഗമാണ് ഇന്നത്തെ വചനത്തിന്റെ പ്രമേയം. യോഹന്നാന്റെ വീക്ഷണമനുസരിച്ച് ജീവന്റെ ഉറവിടം ക്രിസ്തുവാണ്. യേശു ഈ ലോകത്തിലേക്ക് വന്നതുതന്നെ അവനിൽ വിശ്വസിക്കുന്നതുമൂലം നമുക്ക് ജീവൻ കരഗതമാവാനാണ്. അതുകൊണ്ടാണ് യോഹന്നാൻ സുവിശേഷം ജീവന്റെ സുവിശേഷമാണെന്ന് അറിയപ്പെടു ന്നത്. അതുകൊണ്ടുതന്നെ ജീവജലത്തിനും ജീവന്റെ പ്രകാശത്തിനും ഈ പശ്ചാത്തലത്തിൽ ഒത്തിരിയേറെ പ്രസക്തിയുണ്ട്.

നന്മതിന്മകൾ തിരിച്ചറിയാൻ സാധിക്കാത്തവണ്ണം അഭേദ്യമാം വിധം കൂടി കലർത്തപ്പെട്ടരിക്കുന്ന സംസ്ക്കാരത്തിൽ, അന്ധകാരമാണ് പ്രകാശമായി തെറ്റിദ്ധരിച്ച് അതിന്റെ പിന്നാലെ പരക്കം പായുന്ന നമ്മോട് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ ഓർമ്മിപ്പിക്കുകയാണ്. ഞാനാണ് ലോകത്തിൽ പ്രകാശം. കാലത്തിനും ദേശത്തിനും അപ്പുറത്ത് ദൈവം പ്രകാശമാണെന്ന മനുഷ്യസങ്കല്പം ഏറെ മിഴിവുള്ളതാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം ഈ പ്രകാശ സങ്കല്പം പുറപ്പാടനുഭവത്തിൽ അഗ്നിസ്തംഭമായി കൂടെ നടന്ന അവരുടെ മനസിന് ആശ്വാസവും പ്രതീക്ഷയും പകർന്നേകിയ യഹോവയുടെ സാന്നിധ്യമാണ് (പുറ. 13,21). അതുകൊണ്ടാ ണ് സമാഗമകൂടാരത്തിൽ പ്രകാശം വിതറുന്ന കെടാവിളക്ക് അവർ തൂക്കിയിരുന്നത് (ലേവ്യർ. 6, 12–13).

ജനത്തിന്റെ ഉദാസീനത കാരണം ആ വിളക്കുകൾ അണഞ്ഞുപോയതിന്റെ പരിഹാരമായാണ് ജെറുസലെം ദേവാലയത്തിൽ നാലു കോണുകളിൽ നാലു വലിയ ദീപങ്ങൾ കത്തിച്ചിരുന്നത്. ഈ ദീപങ്ങൾ ലോകത്തെ മുഴുവൻ പ്രകാശിക്കുന്ന ദീപമായി യഹൂദർ കണ്ടിരുന്നത്. ഈ പശ്ചാത്തലത്തിലാണ് ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന വെളിപ്പെടുത്തലുമായി ക്രിസ്തു അവതരിക്കുന്നത്. കൂടാരതിരുനാളിൽ യഹൂദരെല്ലാം ദേവാലയത്തിൽ ഒരുമിച്ചുകൂടിയിരുന്ന സാഹചര്യത്തിലാണ് ഈശോ പറഞ്ഞത് ഞാൻ ലോകത്തിന്റെ പ്രകാശമാണ്. പ്രവർത്തനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും അവൻ ജനങ്ങളെ ഓരോരുത്തരെയും തന്റെ പ്രകാശ അനുഭവത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ നാൾവഴികളിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയവരാരും പിന്നീടങ്ങോട്ട് കുനിഞ്ഞ ശിരസുമായി തങ്ങളുടെ ജീവിതാനുഭവങ്ങളിലേക്ക് തിരിച്ചു പോയിട്ടില്ല. മറിച്ച് സത്യദൈവവും നിത്യപ്രകാശമായി അവനെ വിശ്വസിച്ച്, അംഗീകരിച്ച് തങ്ങളുടെ ജീവിത സാഹചര്യത്തിൽ പ്രഘോഷിക്കുകയായിരുന്നു. യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ പക്കലേക്ക് കടന്നു വന്ന നിക്കേദേമൂസ് എന്ന യഹൂദറബ്ബിയെക്കുറിച്ച് നാം വായിക്കുന്നുണ്ട്. മണിക്കൂറുകൾ നീണ്ട സംഭാഷണ പരമ്പരയിൽ യഥാർത്ഥ ശിക്ഷാവിധി എന്നത് പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിക്കുകയെന്നതാണെന്നും സത്യം പ്രവർത്തിക്കുന്നവർ ദൈവത്തിന്റെ മക്കളാണെന്നും തിരിച്ചറിഞ്ഞപ്പോൾ പിന്നീടങ്ങോട്ട് അവന്റെ ജീവിതം കീഴ്മേൽ മറിഞ്ഞു. (യോഹ. 3, 19–21). പ്രകാശമായ ക്രിസ്തുവിനെ പ്രഘോഷിക്കാൻ ഏതറ്റംവരെ പോകാൻ തക്കവിധം അവൻ തന്റെ ജീവിതത്തെ ക്രമപ്പെടുത്തി എന്നതാണ് സത്യം.

വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽ ക്രിസ്തു പങ്കുവച്ച പ്രകാശാനുഭവങ്ങൾ ഒരു നിക്കേദേമൂസ് അനുഭവത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ജീവിതത്തിലുടനീളം അവൻ പ്രഘോഷിച്ചത് താൻ ലോകത്തിന്റെ പ്രകാശമാണെന്ന വലിയ സത്യമാണ്. അതുകൊണ്ടായിരിക്കാം ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന പ്രകാശ അനുഭവങ്ങളെ കൂട്ടിച്ചേർത്ത് ജോൺ പോൾ രണ്ടാമൻ മാർപാപ്പ, ജപമാലയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചത്.

മാമ്മോദിസ സ്വീകരണത്തിനായി കുമ്പിടുന്നവരിൽ ഒരുവനിൽ ദൈവിക പ്രകാശം തിരിച്ചറിഞ്ഞ് ദൈവത്തിന്റെ കുഞ്ഞാടായി ഏറ്റുപറഞ്ഞ സ്നാപകനെ ഓർക്കുന്ന ഒന്നാം രഹസ്യവും ഇരുളിന്റെ നിഴലിൽ കിടന്നവർ വലിയ പ്രകാശം കണ്ടപോലെ സത്യദൈവത്തിൽ വിശ്വസിക്കാൻ ഇടവരുത്തിയ കാനാസംഭവത്തെ ഓർക്കുന്ന രണ്ടാം രഹസ്യവും ലോകത്തിനു മുഴുവൻ പ്രകാശമാകാൻ ക്രിസ്തു ആരംഭിച്ച പരസ്യജീവിതത്തെ ഓർക്കുന്ന മൂന്നാം രഹസ്യവും താബോർ മലമുകളിൽ ദൈവാനുഭവത്തിന്റെ പരകോടിയിൽ ക്രിസ്തുവിന്റെ പ്രകാശം സ്വന്തം ഹൃദയത്തിൽ സ്വീകരിച്ച് പ്രകാശിതരായ ശിഷ്യരെ ഓർക്കുന്ന നാലാം രഹസ്യവും അഞ്ച് അപ്പം അയ്യായിരം പേർക്ക് പകുത്തവൻ ഒരു ചെറു ഗോതമ്പപ്പവും മുന്തിരിച്ചാറുമായി ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ജീവിക്കാനും അങ്ങനെ അവരുടെ ജീവിതത്തെ പ്രകാശിപ്പിക്കാനുമായി ക്രിസ്തു സ്വയം ചെറുതായതിനെ ഓർക്കുന്ന അഞ്ചാം രഹസ്യവും ക്രിസ്തുവിന്റെ പ്രകാശിതജീവിതത്തോട് ചേർത്ത് വായിക്കണം.

അതെ പ്രിയമുള്ളവരെ, മെഴുതിരി വെളിച്ചംപോലെ സ്വയം ഇല്ലാതായാൽ മാത്രമേ പ്രകാശമായി അനേകരുടെ ജീവിതത്തിൽ വഴിവിളക്കാകുവാൻ സാധിക്കൂ എന്ന തിരിച്ചറിവിലാണ് പ്രകാശമായി ലോകത്തിനുമുമ്പിൽ ക്രിസ്തു അവതരിക്കാൻ തയ്യാറായത്. ഈ സാഹചര്യത്തിൽ നാം തിരിച്ചറിയണം, ക്രിസ്തു പ്രകാശമാണെങ്കിൽ അവന്റെ കണ്ണീരും രക്തവും വിയർ പ്പും വീണ മണ്ണിലൂടെ കാൽവരി മലയുടെ ഉച്ചിവരെ അവനെ അനുധാവനം ചെയ്യുന്ന ഓരോ ക്രൈസ്തവന്റെയും നിയോഗം പ്രകാശമാവുക എന്നതാണ്. പ്രകാശമാകുകയെന്നാൽ സ്വയം ഇല്ലാതായി അപരന്റെ ജീവിതത്തെ പ്രകാശിപ്പിക്കുകയെന്നാണർത്ഥം. പ്രകാശമാവുകയെന്നാൽ മുഖംനോട്ടമില്ലാതെ അപരന്റെ നേട്ടങ്ങളും കോട്ടങ്ങളും അവനെ ബോധ്യപ്പെടുത്തുകയെന്നാണർത്ഥം. പ്രകാശമാവുകയെന്നാൽ ഏത് ഇരുളടഞ്ഞ സാഹചര്യങ്ങളിലും അപരന്റെ കരംപിടിച്ച് അവനെ പ്രകാശിതമായ പച്ചവിരിച്ച പരവതാനിയിലേക്കും പ്രശാന്തമായ ജലാശയത്തിലേക്കും നയിക്കുക എന്നതാണർത്ഥം. അതുകൊണ്ടാണ് ഗിരി പ്രഭാഷണത്തിൽ ക്രിസ്തു തന്റെ പ്രിയപ്പെട്ടവരോട് നിങ്ങളുടെ സത്പ്രവൃത്തികളിലൂടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളാകുവാനും അതുമൂലം നിങ്ങളുടെ വെളിച്ചം ലോകത്തിനു മുമ്പിൽ പ്രകാശിപ്പിക്കാനും ക്രിസ്തു ആഹ്വാനം ചെയ്തത് (മത്താ.5:16). അതെ പ്രിയമുള്ളവരെ, പ്രകാശമാവുകയെന്നാൽ പതിയെ ക്രിസ്തുവാകുക എന്നാണർത്ഥം.

ക്രിസ്തുവിനെപോലെ ലോകത്തിന്റെ പ്രകാശമാകാനുള്ള പരിശ്രമങ്ങളുടെ വഴിത്താരയിലാണ് ആദിമ ക്രൈസ്തവരുടെ ശിരസുകൾ പന്തങ്ങൾപോലെ ചക്രവർത്തിയുടെ പൂന്തോട്ടത്തിൽ പ്രകാശിച്ചത്. അന്ന് ചക്രവർത്തിയുടെ കൊത്തളങ്ങളും മണിമന്ദിരങ്ങളും പൂങ്കാവനങ്ങളും മാത്രമല്ല പ്രകാശിച്ചത്. മറിച്ച് അന്നുമുതൽ ഇന്നുവരെ നീളുന്ന ക്രൈസ്തവജനതയുടെ നെരിപ്പോടുകളും സ്വപ്നങ്ങളും തിരിച്ചറിവുകളുമാണ്. അതെ പ്രകാശമാകുകയെന്നാൽ സ്വയം ഇല്ലാതാകുക എന്നാണെന്ന് സ്വജീവിതത്തിലൂടെ അവർ നമ്മെ പഠിപ്പിച്ചു.

യോഹന്നാൻശ്ലീഹായുടെ ലേഖനത്തിലൂടെ പ്രകാശത്തിലായിരിക്കുകയെന്നാൽ സഹോദരനെ സ്നേഹിക്കുക എന്നുകൂടി അർത്ഥമുണ്ടെന്ന് വിശുദ്ധഗ്രന്ഥം ഓർമിപ്പിക്കുന്നുണ്ട് (യോഹ.2:19). വചനം പറയുന്നു, “സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. അവന് ഇടർച്ച ഉണ്ടാകുകയില്ല. എന്നാൽ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്.” സെന്റ് പീറ്റേഴ്സിന്റെ അങ്കണത്തിൽ കൂടിയിരുന്ന അനേകായിരങ്ങളോടായി ഫ്രാൻസീസ് പാപ്പാ ചോദിച്ചു, “നിങ്ങൾ പാവപ്പെട്ടവർക്ക് ഭിക്ഷകൊടുക്കാറുണ്ടോ?” ഉവ്വ് എന്ന് പറഞ്ഞു ജനം കരഘോഷം മുഴക്കി. നിങ്ങൾ ഭിക്ഷ നൽകുമ്പോൾ അവരുടെ കണ്ണുകളിലേക്കു നോക്കാറുണ്ടോ എന്നായിരുന്നു പാപ്പയുടെ അടുത്ത ചോദ്യം. കരഘോഷങ്ങൾ അടങ്ങി. ഏതാനും പേരുടെ കരങ്ങൾ മാത്രം ഉയർന്നുനിന്നു. ഉടൻതന്നെ അടുത്ത ചോദ്യമെത്തി, “നിങ്ങൾ ഭിക്ഷ കൊടുക്കുമ്പോൾ അവരുടെ കരങ്ങളിൽ സ്പർശിക്കാറു ണ്ടോ?” ജനം മുഴുവൻ ശാന്തരായി, കരഘോഷമില്ല, ആഹ്ലാദമില്ല. മാർപാപ്പ കൂട്ടിച്ചേർത്തു, “നിങ്ങൾ നോക്കാത്ത കണ്ണുകളും സ്പർശിക്കാത്ത കരങ്ങളും, ക്രിസ്തുവിന്റെ കരങ്ങളും കണ്ണുകളുമാണ്.”

അതെ പ്രിയമുള്ളവരെ സഹോദരനെ സ്നേഹിക്കുകയെന്നാൽ ക്രിസ്തുവിൽ ജീവിക്കുകയെന്നാണർത്ഥം. ഈ നവ ജീവിതമാണ് പ്രകാശത്തിൽ വ്യാപരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. സഹോദരന്റെ കരം പിടിച്ചല്ലാതെ ദൈവത്തിന്റെ ന്യായാസനത്തിൻ മുമ്പിൽ ധൈര്യത്തോടെ നിൽക്കാൻ നമുക്കാകില്ല. കരം

കൂപ്പി പ്രാർത്ഥിക്കുന്നപോലെതന്നെ പ്രധാനപ്പെട്ടതാണ് കരം ചേർത്ത് നടക്കുക എന്നതും. പ്രിയമുള്ളവരെ സഹോദരന്റെ കണ്ണിൽ സൂക്ഷിച്ചുനോക്കിയാൽ കാണാം ദൈവരാജ്യം വളരുന്നതും വികസിക്കുന്നതും ഫലം ചൂടുന്നതും. സഹോദരന്റെ കരത്തിൽ ചേർത്തുപിടിച്ച് പ്രകാശത്തിന്റെ മക്കളായി ക്രിസ്തുവിൽ ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.  ക്രിസ്തുവാകുന്ന പ്രകാശാനന്ദത്തിന്റെ പ്രഭ ജീവിതത്തിൽ പതിച്ചാൽ മാത്രമെ നമ്മുടെ ജീവിതങ്ങൾ പ്രകാശിക്കുകയുള്ളു. അപ്പോൾ നമ്മുടെ വ്യക്തിജീവിതങ്ങളും കുടുംബജീവിതങ്ങളും അയൽവക്കബന്ധങ്ങളും കൂടുതൽ പ്രകാശിതമാകും. ഈ പ്രകാശത്തിൽ മാത്രമാണ് ദൈവം നമ്മുടെമേൽ ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങളെ കാണാനും കാലത്തിന്റെ പ്രതി ാസങ്ങളെ വിലയിരുത്താനും സാധിക്കുകയുള്ളു. ആനുകാലിക സംഭവങ്ങളെ വിലയിരുത്തി വിവേകപൂർവ്വം തീരുമാനത്തിലെത്താനും ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരേണ്ടതുണ്ട്. ക്രിസ്തുവാകുന്ന പ്രകാശത്തിലൂടെ സഞ്ചരിച്ച് നിത്യജീവൻ പ്രാപിക്കാൻ നമുക്ക് പരിശ്രമിക്കാം.